# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3405      29.01.2014 ലെ മറുപടിക്ക്

### തീരദേശനിയമം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ :<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :<br>ശ്രീ.കെ.എം.ഷാജി :<br>ശ്രീ.സി.മോയിൻകുട്ടി : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) തീരദേശനിയന്ത്രണ നിയമം പാലിക്കാതെ നിരവധി കെട്ടിടങ്ങൾ പുതുതായി നിർമ്മിച്ചിട്ടുള്ള കാര്യം ഗൗരവപൂർവ്വം വീക്ഷിച്ചിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത നിയമം ലംഘിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിയമ വിരുദ്ധ അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) തീരദേശനിയന്ത്രണ നിയമം ലംഘിച്ച് വ്യാപകമായി നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് 09.09.2013 ലെ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തീരദേശ വിജ്ഞാപന നിയമത്തിലെ നിബന്ധനകൾ പാലിക്കാതെ കെട്ടിട നിർമ്മാണ അനുമതി/ കെട്ടിട നമ്പർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും പ്രസ്തുത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ